## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2150** **22/01/2014** -ൽ മറുപടിക്ക്

### വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>,, എ. റ്റി. ജോർജ്:<br>,, വി. പി. സജീന്ദ്രൻ:<br>,, ലൂഡി ലൂയിസ്: | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. 2013 ഡിസംബർ 26ന് ആഭ്യന്തര മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തുകൊണ്ടാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. പൊതുജന പങ്കാളിത്തത്തോടെ അഴിമതിക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, റാലികൾ മുതലായവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ടു കൊണ്ടു പോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ബി) & സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ നമ്പർ സംവിധാനം, ലൈറ്റിനിംഗ് സ്ക്വാഡ് തുടങ്ങിയ ഒട്ടേറെ നൂതന പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിക്കുകയുണ്ടായി. ഇതു കൂടാതെ ജില്ലാതല വിജിലൻസ് കമ്മിറ്റികൾ, (അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി) പ്രവർത്തന മികവ് തെളിയിക്കുന്ന വിജിലൻസ് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ, അഴിമതി സംബന്ധിച്ച വിവരം നൽകുന്ന വിവരദായകർക്ക് പുരസ്കാരം, വിജിലൻസ് ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ